സർക്കാർ ബദൽ സ്കൂളുകൾ

42(731) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ബദൽ സ്കൂളുകൾ ആരംഭിച്ചതെന്നാണ് ; എത്ര സ്കൂളുകളാണ് ഇത്തരത്തിലുണ്ടായിരുന്നത് ; എത്ര അദ്ധ്യാപകർ ഈ മേഖലയിൽ പ്രവൃത്തിക്കുന്നുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ബദൽ സ്കൂൾ പദ്ധതി അവസാനിക്കുന്നതെന്നാണ് ; ഇതുമൂലം ജോലി നഷ്ടമാകുന്നവർക്ക് പകരം ജോലി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

(സി) ഇത്തരത്തിൽ ജോലി നഷ്ടപ്പെടുന്നവർക്ക് അങ്കണവാടി വർക്കർ തസ്തികയിലേക്കുള്ള നിയമനത്തിൽ പ്രത്യേക പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1996-97 ഡി.പി.ഇ.പി കാലയളവിൽ ബദൽ സ്കൂളുകൾ ആരംഭിച്ചു. 384 സ്കൂളുകൾ ഇപ്പോൾ പ്രവർത്തിക്കുന്നു. 444 വിദ്യാഭ്യാസ വോളണ്ടിയർമാർ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	എം.ജി.എൽ.സി. കളുടെ എണ്ണം	വിദ്യാഭ്യാസ വോളന്റീയർ മാരുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	30	30
കൊല്ലം	3	3
പത്തനംതിട്ട	12	12
ഇടുക്കി	88	88
എറണാകുളം	18	18
എറണാകുളം മെട്രോ	4	5
തൃശ്ശൂർ	3	3
പാലക്കാട്	33	32
മലപ്പുറം	47	76

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
കോഴിക്കോട്	16	16
വയനാട്	53	53
കണ്ണൂർ	19	20
കാസർഗോഡ്	58	88
ആകെ	384	444

(ബി) ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും, സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ കൊണ്ടും പാർശ്വവൽക്കരിക്കപ്പെട്ട അപ്രാപ്യമായ വനമേഖലയിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് സാധാരണ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതുവരെ ബദൽ സ്കൂൾ സംവിധാനം തുടരേണ്ടത് ആവശ്യമാണെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം കേന്ദ്രങ്ങളെ സാധാരണ വിദ്യാലയങ്ങളാക്കി മാറ്റേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അയൽപക്കത്ത് സ്കൂളുകൾ സ്ഥാപിക്കുവാൻ 3 വർഷം വരെ സാവകാശം നൽകുന്നുണ്ട്. ബദൽ സ്കൂളുകളിലെ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. എസ്.എസ്.എ.-യുടെ ഫണ്ട് വിനിയോഗപ്പെടുത്തി ബദൽ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തകർക്ക് 2010-11 അദ്ധ്യയന വർഷാവസാനം വരെ പ്രതിഫലം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അത്തരത്തിലൊരു സാഹചര്യം വരുന്നപക്ഷം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ അംഗീകാരം നൽകിയ അൺഎയ്ഡഡ് സ്കൂളുകൾ

43(732) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ആകെ എത്ര അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly